15/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.447(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10643/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 15**

ശ്രീ. കെ.പി. പ്രഭാകരൻ,
ഇ.പി.8/660-ബി, നന്ദനം,
പുതിയങ്ങാടി പി.ഒ.,
കോഴിക്കോട് - 673 021. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ. } എതിർകക്ഷി

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | | 02/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | | 24/08/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | | 06/09/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | | 09/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | | 20/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | | 13/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | | 11/11/2021-വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: | പരാതി ഹർജിക്കാരൻ | ഹാജരായി - ഓഡിയോ |
| | എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.പി. പ്രഭാകരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 02.08.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സമയബന്ധിതമായി രേഖകൾ നൽകാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

തിരുവനന്തപുരത്തിന്റെ 19.10.2000-ത്തിലെ സി4-31700/2000 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ഇ.എഫ്.എൽ ഓർഡിനൻസിലെ സെക്ഷൻ 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയിലെ ഇനിയും നോട്ടിഫൈ ചെയ്യാനുള്ളവയുടെ ലിസ്റ്റ് രണ്ടാഴ്ചയ്ക്കകം തയ്യാറാക്കി അയക്കണമെന്ന നിർദ്ദേശം അനുസരിച്ച് എതിർകക്ഷി ഓഫീസിൽ നിന്നും പി.സി.സി.എഫ്.-ന് അയച്ചു കൊടുത്ത ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിക്കണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 2.8.2021-ലെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്, സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയിൽ ഇനിയും നോട്ടിഫൈ ചെയ്യാനുള്ളവയുടെ ലിസ്റ്റ് രണ്ടാഴ്ചക്കകം തയ്യാറാക്കി സമർപ്പിക്കണമെന്ന പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിച്ചതനുസരിച്ച് എതിർകക്ഷി ഓഫീസിൽ നിന്നും പി.സി.എഫ്.സി.ക്ക് അയച്ചു കൊടുത്ത ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ 19.10.2000-ലെ സി4-31700/2000 നമ്പർ കത്തിൽ നിക്ഷിപ്തമായതും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാത്തതുമായ ഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ അപേക്ഷകൻ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ സെക്ഷൻ 3 പ്രകാരം "ഇനിയും നോട്ടിഫൈ ചെയ്യാനുള്ള ഭൂമിയുടെ ലിസ്റ്റ് എന്നൊരു ക്ലോസ്" പി.സി.സി.എഫ്-ന്റെ 19.10.20-ലെ കത്തിൽ ഇല്ലാത്തതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ച ഭൂമിയുടെ ലിസ്റ്റ് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് ഹർജിക്കാരന് മറുപടിയായി 24.8.2021-ന് നൽകിയിട്ടുള്ളതെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടതെങ്കിലും ആയത് നൽകുന്നതിന് നിരവധി തവണ തെരച്ചിൽ നടത്തിയെങ്കിലും ആവശ്യപ്പെട്ട രേഖ ഫയലിൽ കണ്ടെത്താൻ സാധിക്കാത്തതിനാലാണ് ലഭ്യമാക്കാൻ കഴിയാതെ വന്നിട്ടുള്ളതെന്നും മറുപടി നൽകുന്നതിൽ മന:പൂർവ്വം ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട പി.സി.സി.എഫ്. ന്റെ 19.10.2000-ലെ സി4-31700/2000 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് അടങ്ങിയ ഫയൽ കണ്ടെത്തുന്നതിന് നിരവധി തവണ തെരച്ചിൽ നടത്തിയിട്ടും കണ്ടെത്താൻ

കഴിഞ്ഞിട്ടില്ലെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയൽ 20 വർഷത്തിലധികം പഴക്കമുള്ളതാണെന്നതിനാലാണ് കണ്ടെത്താൻ കഴിയാതിരുന്നത് എന്ന വാദം അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം പി.സി.സി.എഫ്. കാര്യാലയത്തിൽ ലഭിക്കാൻ സാധ്യതയുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം എതിർകക്ഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുത്ത് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പ് അടിയന്തിരമായി ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കാൻ ആവശ്യപ്പെടേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 15–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി
us